നമ്പർ.സി5/83954/2011/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.24/12/2012.
(ഫോൺ : 0471-2580514)

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - എൽ.ഡി./യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റം - സർവ്വീസ് കാർഡ് - ആവശ്യപ്പെടുന്നത്.

സൂചന : 1. എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 1993-2000
2. എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 2001-2005

സൂചന (1) പ്രകാരമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ 1993-00 റാങ്കുപട്ടികയിലെ വകുപ്പുതല പരീക്ഷായോഗ്യതകൾ പാസ്സായിട്ടുള്ള എല്ലാപേരെയും, 2001-05 എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടികയിലെ 70-ാം റാങ്കുവരെയുള്ള എൽ.ഡി. ക്ലാർക്കുമാരേയും ഇതിനോടകം യു.ഡി. ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. എന്നാൽ യഥാസമയം സർവ്വീസ് കാർഡും ആവശ്യപ്പെട്ട അനുബന്ധരേഖകളും ഹാജരാക്കാത്തവരെയും, പട്ടികയിൽ പിന്നീട് പേരു ചേർക്കപ്പെട്ടവരുമായ എൽ.ഡി. ക്ലാർക്കുമാരെ സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിട്ടില്ല. ***2001-2005 വർഷത്തെ എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടികയിൽപ്പെട്ടവരും ഇതേവരെ യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കാത്തവരുമായ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള റാങ്ക് നമ്പർ 568/2001-05 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സേവനപുസ്തകം പരിശോധിച്ച് മേലധികാരി സാക്ഷ്യപ്പെടുത്തിയ സർവ്വീസ് കാർഡ് ഇതോടൊന്നിച്ചുള്ള മാതൃകാ ഫോർമാറ്റിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ടോ തപാൽ മുഖേനയോ 31/01/2013-നു മുൻപ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.***

സർവ്വീസ് ബുക്ക് കൃത്യമായി പരിശോധിച്ച് സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം മാത്രമേ സർവ്വീസ് കാർഡ് അയച്ചു തരാൻ പാടുള്ളൂ. ***അപൂർണ്ണവും മേലധികാരി സാക്ഷ്യപ്പെടുത്താതെ ലഭിക്കുന്നതുമായ സർവ്വീസ് കാർഡുകൾ പരിഗണിക്കുന്നതല്ല. സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സർവ്വീസ് കാർഡുകൾ സമർപ്പിക്കാത്ത ജീവനക്കാരെ (എൽ.ഡി. ക്ലാർക്ക്) യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റത്തിനു പരിഗണിക്കുന്നതല്ല.*** സർവ്വീസ് കാർഡിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞാൽ ബന്ധപ്പെട്ട ഓഫീസർ/ജീവനക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

ടെക്സ്റ്റ്ബുക്ക് ഓഫീസ്, പരീക്ഷാ ഭവൻ ഉൾപ്പെടെ എല്ലാ സബ് ഓഫീസുകൾക്കും